

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ



## 10. ജൈനദർശനം

# സമ്പൂർണ്ണകൃതികൾ: ഭാഗം V

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


10 ജൈനദർശനം . . . . . . . . . . . . . . . . . . . . . . . . . . 1

1 ആരാണ് ബ്രാഹ്മണൻ? . . . . . . . . 2

2 ആത്മാവിന്റെ ശാശ്വതത്വം . . . . . . . 3

3 ഭൗതികവാദത്തിന്റെ സ്വാധീനം . . . . 4

4 പ്രപഞ്ചഘടന . . . . . . . . . . . . . . 5

5 അനേകാന്തവാദം . . . . . . . . . . . . 6

6 സ്യാദ്വാദം . . . . . . . . . . . . . . . . . . 7

# 10

## ജൈനദർശനം

ബൗദ്ധദർശനത്തിനു പ്രചോദനം നൽകിയ അതേ സാമ്പത്തിക-സാമൂഹ്യ സാഹചര്യങ്ങളിൽ നിന്നും അതേ മാനസിക സംഘർഷങ്ങളിൽ നിന്നുമാണ് ജൈനദർശനവും ആവിർഭവിച്ചത്. ബൗദ്ധധർമമെന്ന പോലെ തന്നെ ജൈനധർമവും വേദങ്ങളുടെ ആധികാരികതയെയും പൗരോഹിത്യത്തിന്റെ അന്ധവിശ്വാസങ്ങളെയും ജന്തുബലി, ബ്രാഹ്മണദക്ഷിണ തുടങ്ങിയ മതചടങ്ങുകളെയും എതിർത്തുകൊണ്ടാണ് വളർന്നുവന്നത്.

ഗൗതമബുദ്ധന്റെ സമകാലികനായിരുന്ന മഹാവീരനാണ് ജൈനധർമത്തിന്റെ സ്ഥാപകൻ. എന്നാൽ, ജൈനമതവിശ്വാസികൾ മഹാവീരനെ കാണുന്നത് ജിനന്മാരായ തീർഥങ്കരന്മാരുടെ ഒരു നീണ്ട പരമ്പരയിലെ അവസാനത്തെ പ്രവാചകനായിട്ടാണ്. ജിനൻ എന്നു വെച്ചാൽ, കീഴടക്കിയവൻ അല്ലെങ്കിൽ വിജയിച്ചവൻ എന്നാണർഥം. കാമക്രോധലോഭമോഹമദമാത്സര്യാദികളെ കീഴടക്കിക്കൊണ്ട് ലൗകിക ബന്ധങ്ങളിൽ നിന്നു സ്വയം വിമുക്തി നേടിയ മഹാത്മാക്കളായിരുന്നുവത്രേ തീർഥങ്കരന്മാർ. ഈശ്വരസങ്കൽപ്പത്തിന്റെ സഹായം കൂടാതെ തന്നെ പ്രപഞ്ചമെന്ന വിഷമപ്രശ്നത്തിന്റെ കുരുക്കഴിക്കാമെന്നും ഏതു വ്യക്തിക്കും സ്വപ്രയത്നത്തിലൂടെ പരമജ്ഞാനവും പരമാനന്ദവും നേടി പരിപൂർണത പ്രാപിക്കാമെന്നും പഠിപ്പിച്ച തീർഥങ്കരന്മാരെ ആചാര്യന്മാരായി ആരാധിക്കണമെന്നത് ജൈനമതവിശ്വാസത്തിന്റെ ഒരവിഭാജ്യഘടകമാണ്. ഒന്നാമത്തെ തീർഥങ്കരൻ ഋഷഭദേവനും മഹാവീരന്റെ തൊട്ടടുത്ത മുൻഗാമിയായ ഇരുപത്തിമൂന്നാമത്തെ തീർഥങ്കരൻ പാർശ്വനാഥനുമായിരുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. തീർഥങ്കരന്മാരുടെ ജീവിതകഥകളെക്കുറിച്ചും അത്ഭുത കൃത്യങ്ങളെക്കുറിച്ചുമുള്ള ജൈനസാഹിത്യങ്ങളിലെ വിവരണങ്ങൾ മിക്കതും തലമുറ തലമുറയായി പ്രചരിച്ചുപോന്ന ഐതിഹ്യങ്ങളായിരിക്കാം. പക്ഷേ, ഇരുപത്തിമൂന്നാമത്തെ തീർഥങ്കരനായ പാർശ്വനാഥൻ ക്രി. മു. എട്ടാം നൂറ്റാണ്ടിലോ ഒമ്പതാം നൂറ്റാണ്ടിലോ ജീവിച്ചിരുന്ന ഒരു ചരിത്രപുരുഷനാണ് എന്ന് പണ്ഡിതന്മാർക്കഭിപ്രായമുണ്ട്. പാർശ്വനാഥന്റെ ശിഷ്യന്മാരും അനുയായികളും നിർഗ്രന്ഥന്മാർ അല്ലെങ്കിൽ നിഗന്ധന്മാർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ക്രി. മു. ആറാം നൂറ്റാണ്ടിൽ അവർക്ക് സാധാരണക്കാരായ ജനങ്ങൾക്കിടയിൽ, വിശേഷിച്ചും അനാര്യജനവിഭാഗങ്ങൾക്കിടയിൽ, ധാരാളം സ്വാധീനമുണ്ടായിരുന്നു. അവരുടെ സിദ്ധാന്തങ്ങളെയും വിശ്വാസങ്ങളെയും പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് മഹാവീരൻ ജൈനദർശനത്തിന്റെ അടിത്തറയിട്ടത്.

ക്രി. മു. ആറാം നൂറ്റാണ്ടിൽ വജ്ജിയുടെ തലസ്ഥാനമായ വൈശാലീനഗരിയിൽ (ഇന്നത്തെ ബീഹാറിലെ മുസഫർ ജില്ലയിൽ) ഭൂജാതനായ മഹാവീരന്റെ ബാല്യകാലത്തെപ്പറ്റിയും യൗവനത്തെപ്പറ്റിയുമുള്ള ഒട്ടേറെ കഥകൾ ജൈനസാഹിത്യ കൃതികളിൽ കാണാം. സിദ്ധാർഥഗൗതമനെപ്പോലെ തന്നെ അദ്ദേഹവും രാജകീയങ്ങളായ സുഖഭോഗങ്ങളിലും ആഡംബരങ്ങളിലും ആറാടിക്കൊണ്ടാണ് വളർന്നത്. ഇരുപത്തെട്ടാമത്തെ വയസ്സിൽ അനിർവചനീയമായ ഒരു ആത്മീയാസ്വാസ്ഥ്യം അദ്ദേഹത്തെ പിടികൂടി. ദുഃഖവും ദുരിതവും നിറഞ്ഞ ചുറ്റുപാടുകളിൽ അസംതൃപ്തനായിത്തീർന്ന അദ്ദേഹം ഐഹികസുഖങ്ങളെല്ലാം വലിച്ചെറിഞ്ഞ് പരമസത്യം കണ്ടുപിടിക്കാൻ വേണ്ടി പലേടത്തും ചുറ്റിസഞ്ചരിച്ചു. പന്ത്രണ്ടുകൊല്ലം നീണ്ടുനിന്ന കഠിനങ്ങളായ തപോവൃത്തികൾക്കുശേഷം പെട്ടെന്നൊരു നാൾ അദ്ദേഹത്തിനു ജ്ഞാനോദയമുണ്ടായി. അദ്ദേഹം തീർഥങ്കരനായി അംഗീകരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ കേൾക്കാനും ശിഷ്യത്വം സ്വീകരിക്കാനും വേണ്ടി പ്രതിഭാശാലികളായ പലരും മുന്നോട്ടുവന്നു. അവരുടെ സഹായത്തോടുകൂടി തന്റെ പുതിയ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ബാക്കി ജീവിതകാലം മുഴുവൻ ചെലവഴിച്ചു. ഇതാണദ്ദേഹത്തിന്റെ ജീവചരിത്രസംക്ഷേപം.

## 1 ആരാണ് ബ്രാഹ്മണൻ?

ഒരു വശത്ത് ബ്രാഹ്മണപൗരോഹിത്യത്തിനും വൈദിക ചിന്തകന്മാരുടെ ആത്മീയവാദത്തിനുമെതിരായും മറുവശത്ത് നിലവിലുള്ള ഭൗതികവാദചിന്തകൾക്കെതിരായും നിരന്തരമായ സമരം നടത്തിക്കൊണ്ടാണ് മഹാവീരന്റെ ആശയങ്ങൾ ഒരു തത്വശാസ്ത്രമായി രൂപം പ്രാപിച്ചത്. ജൈനന്മാർ ആത്മീയവാദികളെയും ഭൗതികവാദികളെയും ഒരുപോലെ ധർമവിരോധികളായിട്ടാണ് കണക്കാക്കിയത്.

സാമ്പത്തികവും സാമൂഹ്യവും മതപരവുമായ മേഖലകളിൽ ബ്രാഹ്മണർക്കുണ്ടായിരുന്ന ആധിപത്യത്തെ മഹാവീരനും അദ്ദേഹത്തിന്റെ ശിഷ്യന്മാരും എതിർത്തു. പക്ഷേ, വർണവ്യവസ്ഥയുടെ അടിസ്ഥാനതത്വങ്ങളെ അവർ ചോദ്യം ചെയ്യുകയുണ്ടായില്ല. വർണവിഭജനം അവസാനിപ്പിക്കണമെന്ന് അവർ ആവശ്യപ്പെടുകയുണ്ടായില്ല. ജൈനസാഹിത്യകൃതികൾ പരിശോധിച്ചാൽ ഇതു വ്യക്തമാവും. ഉദാഹരണത്തിന്, ജയഘോഷനും വിജയഘോഷനും തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കുക. ജയഘോഷൻ എന്ന മുനി വിജയഘോഷൻ എന്ന ബ്രാഹ്മണന്റെ യജ്ഞശാലയിൽ പോയി ഭിക്ഷ യാചിക്കുന്നു. വേദം പഠിച്ചവരും യജ്ഞങ്ങൾ നടത്തുന്നവരുമായ ബ്രാഹ്മണർക്കു മാത്രമേ ഭിക്ഷയ്ക്ക് അർഹതയുള്ളുവെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിച്ച വിജയഘോഷനോട് ജയഘോഷൻ പറയുകയാണ്: എവിടെ ജനിച്ചവനായാലും തനിക്കും മറ്റുള്ളവർക്കും നന്മ ചെയ്യാൻ കഴിവുള്ളവൻ മാത്രമാണ് ബ്രാഹ്മണൻ. രാഗം, ദ്വേഷം, ഭയം എന്നിവയുടെ മേൽ വിജയം നേടുകയും സ്വന്തം ഇന്ദ്രിയങ്ങളെ നിഗ്രഹിക്കുകയും ഒരിക്കലും അസത്യം പറയാതിരിക്കുകയും എല്ലാ പ്രാണികളുടെയും ഇഷ്ടം നിറവേറ്റിക്കൊടുക്കുകയും ചെയ്യുന്നവനാരോ അവനാണ് ശരിയായ ബ്രാഹ്മണൻ. തലമുണ്ഡനം ചെയ്താൽ ശ്രമണനാവില്ല; കാട്ടിൽ വസിച്ചാൽ മുനിയാവില്ല; കുശവസ്ത്രം ധരിച്ചാൽ താപസനാവില്ല; ഓംകാരം ജപിച്ചാൽ ബ്രാഹ്മണനുമാവില്ല. സത്യം പറഞ്ഞാൽ, ജാതിവിശേഷം കൊണ്ടല്ല, കർമം കൊണ്ടാണ്, മനുഷ്യൻ ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ശൂദ്രനോ ആകുന്നത്. [1]

അർഹന്മാർക്കു മാത്രമേ ഭിക്ഷ കൊടുക്കാൻ പാടുള്ളു എന്ന കാര്യത്തിൽ ജൈനന്മാർക്കു യോജിപ്പാണുണ്ടായിരുന്നത്. പക്ഷേ, ആരാണ് അർഹന്മാർ? ബ്രാഹ്മണപുരോഹിതന്മാരും താപസന്മാരെന്നു പറഞ്ഞ് കാട്ടിൽ താമസിക്കുന്നവരും സന്ന്യാസികളെന്നു ഭാവിച്ചു തെണ്ടിത്തിരിയുന്നവരും ഭിക്ഷക്കർഹരല്ലെന്ന് അവർ വാദിച്ചു. മഹാവീരന്റെ ശിഷ്യനായ ആർദ്രകനും ഒരു വൈദികപുരോഹിതനും തമ്മിലുണ്ടായ തർക്കം ഇക്കാര്യം വ്യക്തമാക്കുന്നു.

വൈദികപുരോഹിതൻ പറഞ്ഞു: വിശുദ്ധരായ രണ്ടായിരം സന്ന്യാസിമാരെ ഊട്ടുന്നവർക്കു പുണ്യം കിട്ടും; അവർ ദൈവങ്ങളായിത്തീരും. ഇതാണ് വേദങ്ങൾ പഠിപ്പിക്കുന്നത്.

ആർദ്രകന്റെ മറുപടി: രണ്ടായിരം വിശുദ്ധമാർജാരകന്മാരെ (അതായത് ബ്രാഹ്മണരെ), ഊട്ടുന്നവൻ നരകത്തിൽ കഠിനമായ വേദനകളനുഭവിക്കും. വിശക്കുന്ന ക്രൂരമൃഗങ്ങൾ അവനെ വളയും. ദയയുടെ നിയമം ലംഘിക്കുകയും കൊലപാതകത്തിനു സമ്മതം നൽകുന്ന നിയമത്തെ പുകഴ്ത്തുകയും ചെയ്യുന്ന ഒരാൾ—അയാൾ രാജാവാണെന്നു തന്നെയിരിക്കട്ടെ—തത്വദീക്ഷയില്ലാത്ത ഒരൊറ്റ ആളെയെങ്കിലും ഊട്ടിയാൽ ദേവന്മാരുടെ അടുത്തേക്കല്ല, ഇരുട്ടിലേക്കാണ് പോവുക.. [2]

സമ്യക്ദർശനം, സമ്യക്ജ്ഞാനം, സമ്യക്ചരിതം—ഇവയാണ് ജൈനധർമത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ. ഇവ തന്നെയാണ് പരിപൂർണത, അല്ലെങ്കിൽ മോക്ഷം, നേടാനുള്ള മാർഗവും. ത്രിരത്നങ്ങൾ എന്നു വിളിക്കപ്പെടുന്ന ഈ അടിസ്ഥാനതത്വങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സർവജ്ഞന്മാരിൽ നിന്നു ലഭിക്കുന്ന ജ്ഞാനമാണ് ശരിയായ ജ്ഞാനം. അതുകൊണ്ട് ശരിയായ ജ്ഞാനത്തിന് തീർഥങ്കരന്മാരിലുള്ള വിശ്വാസം കൂടിയേ കഴിയൂ. സൽക്കർമവും സൽസ്വഭാവവുമാണ് സമ്യക്ചരിതം. സൽക്കർമത്തിലധിഷ്ഠിതമല്ലാത്ത ജ്ഞാനം നിഷ്ഫലമാണ്. അതുപോലെ ജ്ഞാനത്തിലധിഷ്ഠിതമല്ലാത്ത കർമം അന്ധവുമാണ്. തിന്മ ചെയ്യാതിരിക്കലും നന്മ ചെയ്യലും സൽക്കർമത്തിലുൾപ്പെടുന്നു. കാമക്രോധലോഭമോഹ മദമാത്സര്യങ്ങളെ നിയന്ത്രിക്കാനും കീഴടക്കാനും പറ്റിയ ആത്മീയശിക്ഷണങ്ങളും മഹാവ്രതങ്ങളും സമ്യക്കായ ജീവിതചര്യയുടെ ഒഴിച്ചുകൂടാൻ വയ്യാത്ത ഘടകങ്ങളാണ്. ശാന്തികൊണ്ട് ക്രോധത്തെയും വിനയംകൊണ്ട് അഹംഭാവത്തെയും സംതൃപ്തികൊണ്ട് ലോഭത്തെയും കീഴടക്കണമെന്ന് മഹാവീരൻ ഉപദേശിക്കുന്നു. പ്രാർഥനകൾ കൊണ്ടോ യാഗാദികർമങ്ങൾ കൊണ്ടോ ആത്മസാക്ഷാൽക്കാരം നേടാൻ കഴിയില്ല. ആത്മസംയമനമാണ് അതിനുള്ളവഴി. ഇന്ദ്രിയനിഗ്രഹമാണ് യഥാർഥമായ യജ്ഞം എന്നാണ് മഹാവീരന്റെ ശിഷ്യനായ ഹരികേശൻ പറയുന്നത്. ഇന്ദ്രിയനിഗ്രഹത്തിലൂടെയുള്ള ആത്മസംയമനത്തിന് പഞ്ചമഹാവ്രതങ്ങൾ കൂടിയേ കഴിയൂ. മഹാവീരന്റെ മുൻഗാമിയായ പാർശ്വനാഥൻ അഹിംസ, സത്യം, അസ്തേയം, അപരിഗ്രഹം എന്നിങ്ങനെ നാലു വ്രതങ്ങളെപ്പറ്റി മാത്രമേ പ്രതിപാദിച്ചിരുന്നുള്ളൂ. മഹാവീരൻ ബ്രഹ്മചര്യമെന്ന അഞ്ചാമതൊരു വ്രതം കൂടി സ്വീകരിച്ചു. പഞ്ചമഹാവ്രതങ്ങളിൽ അഹിംസയ്ക്കാണ് ഏറ്റവും വലിയ പ്രാധാന്യം. മനുഷ്യനെയെന്നല്ല, യാതൊരു പ്രാണിയെയും ഹിംസിക്കരുത്. കൊല, അടി മുതലായവ മാത്രമല്ല, നിന്ദിക്കൽ, അപമാനിക്കൽ, വേദനിപ്പിക്കൽ മുതലായവയും ഹിംസയിലുൾപ്പെടുന്നു. ഇരിക്കുമ്പോളും നടക്കുമ്പോളും ഭക്ഷണം കഴിക്കുമ്പോളും എന്തു ചെയ്യുമ്പോളും യാതൊരു പ്രാണിക്കും യാതൊരു തരത്തിലുമുള്ള വേദനയും ഉണ്ടാവാതെ കഴിക്കാൻ പ്രത്യേകം മനസ്സിരുത്തണമെന്ന് ജൈനന്മാർ നിഷ്കർഷിക്കുന്നു.

---

1. Uttaradhyayana Sutra, 25-28; 29-31.
2. Sutra Kritanga II in Jaina Sutras, Jacobi's translation

## 2 ആത്മാവിന്റെ ശാശ്വതത്വം

ആത്മാവിനെപ്പറ്റിയുള്ള ജൈനന്മാരുടെ സങ്കൽപ്പം ബൗദ്ധന്മാരുടേതിൽ നിന്നും വ്യത്യസ്തമാണ്. മഹാവീരൻ ബുദ്ധനെപ്പോലെ ഒരു അനാത്മവാദിയായിരുന്നില്ല. ആത്മാവിന്റെ നിത്യതയിലും അനശ്വരതയിലും അദ്ദേഹത്തിനു വിശ്വാസമുണ്ടായിരുന്നു. എന്നാൽ, വേദാന്തികളെപ്പോലെ ഏകവും കേവലവും സർവാന്തര്യാമിയുമായ ഒരാത്മാവിനെയല്ല അദ്ദേഹം സങ്കൽപ്പിച്ചത്. ഓരോ ജീവിക്കും ഓരോ ആത്മാവുണ്ട്. ജീവൻ തന്നെയാണ് ആത്മാവ്. ലോകത്തിൽ എത്ര ജീവികളുണ്ടോ അത്ര ആത്മാക്കളുമുണ്ട്. അജയ്യവും അനശ്വരവും ശാശ്വതവും മഹത്തരവുമായ ഒരാത്മാവുണ്ടെന്നും സർവചരാചരങ്ങൾക്കും പൊതുവിലുള്ള ഏകമായ ഒരാത്മാവാണതെന്നും പ്രഖ്യാപിച്ച ഒരു വേദാന്തിയുടെ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് മഹാവീരന്റെ ശിഷ്യനായ ആർദ്രകൻ ഇങ്ങനെ പ്രസ്താവിച്ചതായി കാണുന്നു:

> “എല്ലാ ജീവജാലങ്ങൾക്കും പൊതുവായി ഒരാത്മാവേ ഉള്ളുവെങ്കിൽ അവയെ വേറിട്ടറിയാൻ കഴിയില്ല; അവയ്ക്ക് വ്യത്യസ്തങ്ങളായ അനുഭവങ്ങളുണ്ടാവില്ല; ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും പുഴുക്കളും പക്ഷികളും പാമ്പുകളും ഒന്നും ഉണ്ടാവില്ല. എല്ലാം മനുഷ്യരും ദൈവങ്ങളും മാത്രമായിരിക്കും”.. [3]

എല്ലാറ്റിനും വേറെ വേറെ ആത്മാവുണ്ട്. പക്ഷേ, എല്ലാ ആത്മാക്കൾക്കും ഒരേ വലുപ്പമല്ല. ആനയുടെ ശരീരത്തിൽ ആനയോളം വലുപ്പമുള്ള ആത്മാവും ഉറുമ്പിന്റെ ശരീരത്തിൽ ഉറുമ്പിനോളം മാത്രം വലുപ്പമുള്ള ആത്മാവുമാണുള്ളത്.. [4]

ഇങ്ങനെ ബൗദ്ധന്മാർ ശാശ്വതമായ ആത്മാവ് എന്ന സങ്കൽപ്പത്തെ നിഷേധിച്ചപ്പോൾ ജൈനന്മാർ ആത്മാവിന്റെ നിത്യതയിൽ വിശ്വസിച്ചു. നിർവാണം ആത്മാവിനെ നിഷേധിക്കലല്ല, തീർഥങ്കരന്മാരുടെ പദവിയിൽ എത്തിച്ചേരലാണ്. എന്നാൽ ഈശ്വരനെ നിഷേധിക്കുന്ന കാര്യത്തിൽ ജൈനന്മാർ ബൗദ്ധന്മാരോടു യോജിച്ചു. സർവജ്ഞന്മാരായ തീർഥങ്കരന്മാരുടെ സർവോന്നതമായ പദവിക്കപ്പുറത്ത് യാതൊരു ദൈവവുമില്ല. രാഗദ്വേഷലോഭമോഹാദികളിൽ നിന്ന് വിമുക്തരായി ആത്മീയവികാസത്തിന്റെ ആ സർവോന്നത പദവിയിലെത്തിച്ചേരലാണ് മനുഷ്യന്റെ ലക്ഷ്യം. കർമശക്തികൊണ്ട് സ്വപ്രയത്നത്തിലൂടെ ആ പദവിയിലെത്തിച്ചേരാൻ കഴിയും. ജൈനന്മാർ ഈശ്വരേച്ഛയുടെ സ്ഥാനത്ത് സാന്മാർഗിക ജീവിതത്തിന്റെ സ്വതന്ത്രമായ കർമശക്തിയെ പ്രതിഷ്ഠിച്ചു.

---

3. Sutra Kritanga II in jaina Sutras, Jacobi’s translation.
4. Tattvartha Sutra, 5, 16.

# 3 ഭൗതികവാദത്തിന്റെ സ്വാധീനം

ഈശ്വരനെ നിഷേധിച്ചുവെങ്കിലും ജൈനന്മാർ തികഞ്ഞ ഭൗതികവാദികളായിരുന്നില്ല എന്ന് ഇത്രയും പറഞ്ഞതിൽ നിന്നു വ്യക്തമാവും. സൂത്രകൃതാംഗത്തിൽ മാത്രമല്ല, മറ്റു ജൈനഗ്രന്ഥങ്ങളിലും ഭൗതികവാദികളെയും അവരുടെ ആശയങ്ങളെയും എതിർക്കുന്ന അനേകം ഭാഗങ്ങളുണ്ട്. പക്ഷേ, ഇതിന്റെ അർഥം ജൈനന്മാർ തികഞ്ഞ ആത്മീയവാദികളായിരുന്നു എന്നല്ല. നിലവിലുണ്ടായിരുന്ന ഭൗതികവാദചിന്തകളുടെ സ്വാധീനത്തിൽ നിന്ന് തികച്ചും സ്വതന്ത്രരാവാൻ അവർക്കു സാധിച്ചില്ല. ജാക്കോബി ചൂണ്ടിക്കാണിക്കുന്നതുപോലെ, “ഒരു വശത്ത് ഈ ഭൗതികവാദികളുടെ ആശയങ്ങളും മറുവശത്ത് ബൗദ്ധന്റെയും ജൈനന്റെയും ആശയങ്ങളും ചില ആശയങ്ങൾക്ക് ഭൗതികവാദികളോടു കടപ്പാടുണ്ടെന്നും ബാക്കിയുള്ളവ ഭൗതികവാദികളുമായി ഇടവിടാതെ നടത്തിയ വാദപ്രതിവാദങ്ങളുടെ സ്വാധീനത്തിൽ രൂപം കൊണ്ടവയാണെന്നും കരുതാൻ ന്യായമുണ്ട്.” [5]

ഉദാഹരണത്തിന്, ആത്മാവിനെപ്പറ്റിയുള്ള സങ്കല്പം തന്നെ എടുക്കാം. ജൈനന്മാരുടെ അഭിപ്രായത്തിൽ ആത്മാവ് ശാശ്വതമാണെന്നു പറഞ്ഞുവല്ലോ. പക്ഷേ, അത് ശരീരവുമായി—ഭൗതികപദാർഥവുമായി—ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ജീവനെ അല്ലെങ്കിൽ ആത്മാവിനെ മനസ്സിലാക്കണമെങ്കിൽ അതിനെ അജീവപദാർഥങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പരിശോധിക്കണം. അതുപോലെ തന്നെ അജീവപദാർഥങ്ങളെ ആത്മാവുമായി, അല്ലെങ്കിൽ ജീവനുമായി, ബന്ധപ്പെടുത്തിക്കൊണ്ടു കാണണം.

---

5. Jacobi: Jaina Sutras, Introduction.

## 4 പ്രപഞ്ചഘടന

ഇങ്ങനെ ജൈനദാർശനികന്മാർ പ്രപഞ്ചയാഥാർഥ്യങ്ങളെ ജീവങ്ങളെന്നും അജീവങ്ങളെന്നും രണ്ടായി തരംതിരിക്കുക മാത്രമല്ല, അവയുടെ പരസ്പരബന്ധത്തെ അംഗീകരിക്കുകയും ചെയ്യുന്നു. ജീവങ്ങളും അജീവങ്ങളും രണ്ടും ശാശ്വതമായി നിലനിൽക്കുന്നവയാണ്. അവ ആരാലും സൃഷ്ടിക്കപ്പെട്ടവയല്ല. ജൈനന്മാർ അജീവങ്ങളെന്നു വിളിക്കുന്നത് അചരങ്ങളായ ഭൗതികവസ്തുക്കളെ മാത്രമല്ല. പുദ്ഗലം (അതായത് ഭൗതികപദാർഥം), സ്ഥലം, കാലം, ധർമം (ചലനം), അധർമം (നിശ്ചലത) ഇങ്ങനെ അഞ്ചുതരം അജീവങ്ങളുണ്ട്. അജീവങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടാണ് ജീവന്റെ നിലനിൽപ്പ്. ജീവൻ തന്നെയാണ് ആത്മാവ്. ചേതനയാണ് അതിന്റെ സത്ത. ഇന്ദ്രിയാനുഭവങ്ങളിലൂടെയും ബോധമനസ്സിലൂടെയുമാണ് അതു പ്രകടമാകുന്നത്. “യാതൊന്ന് വിവിധ വസ്തുക്കളെ ദർശിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നുവോ, യാതൊന്ന് സ്വന്തം നന്മതിന്മകളുടെ ഫലമനുഭവിക്കുന്നുവോ അതാണ് ജീവൻ”. ചേതന എല്ലാ വസ്തുക്കളിലും ഒരുപോലെയല്ല. ചിലതിൽ കൂടുതലും ചിലതിൽ കുറവുമാണ്.

ഏറ്റവും താണപടിയിലുള്ള ചേതന പുദ്ഗലത്തിലാണ്. അതായത്, ഭൗതികപദാർഥത്തിൽ. പുദ്ഗലം അനാദിയും അനന്തവുമാണ്. അത് ആരാലും സൃഷ്ടിക്കപ്പെട്ടതല്ല. അതിന് നിറം, ശബ്ദം മുതലായ സ്വഭാവങ്ങളും വ്യാപ്തവുമുണ്ട്. പുദ്ഗലത്തിന്റെ ഏറ്റവും ചെറിയ ഘടകത്തിന് പരമാണു എന്നു പറയുന്നു. പരമാണുവിന് ഭാരവും അതിവേഗം ചലിക്കാനുള്ള കഴിവുമുണ്ട്. ജാക്കോബി ചൂണ്ടിക്കാണിക്കുന്നു: “പരമാണുവിന് അതിന്റേതായ ചലനശക്തിയുണ്ട്. പ്രപഞ്ചത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഒരു നിമിഷം കൊണ്ട് സഞ്ചരിക്കുവാൻ സാധിക്കുന്നത്ര വേഗമേറിയ ചലനമായിത്തീരാം അത്”. [6]

പരമാണുക്കൾ ഒറ്റയ്ക്കൊറ്റയ്ക്കല്ല നിലനിൽക്കുന്നത്. അവ പരസ്പരം കൂടിച്ചേരുന്നു. രണ്ടോ അതിലധികമോ പരമാണുക്കൾ കൂടിച്ചേർന്ന് സംഘാതങ്ങൾ അല്ലെങ്കിൽ സ്കന്ധങ്ങൾ ഉണ്ടാകുന്നു. പരമാണുക്കളാണ് പൃഥ്വി, ജലം, അഗ്നി, ആകാശം എന്നീ ചതുർഭൂതങ്ങളുടെ അടിസ്ഥാനഘടകങ്ങൾ. പരമാണുക്കളുടെ സ്കന്ധങ്ങൾ ഭൗതികപദാർഥങ്ങളുടെ രൂപത്തിലാണ് സ്ഥിതിചെയ്യുന്നത്. എല്ലാ ഭൗതികവസ്തുക്കളും, എല്ലാ ദ്രവ്യങ്ങളും, പരമാണുക്കളടങ്ങിയ പുദ്ഗലത്തിൽ നിന്ന് ഉത്ഭവിച്ചവയാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളും മനസ്സും ശ്വാസവും ഉൾപ്പെടെ പ്രപഞ്ചത്തിന്റെ എല്ലാ പ്രതിഭാസങ്ങളും ലോകത്തിലെ എല്ലാ ചരാചരങ്ങളും പരമാണുക്കളുടെ സംയോഗങ്ങളാണ്.

ജൈനന്മാരുടെ അഭിപ്രായത്തിൽ പരമാണുവിനുപോലും ചേതനയുണ്ട്. അതു പ്രത്യക്ഷപ്പെടാതെ ഒളിഞ്ഞു കിടക്കുകയാണെന്നുമാത്രം. ജീവന്റെ ലക്ഷണം പ്രകടമാക്കാൻ കഴിയാത്ത ജൈവരൂപങ്ങൾക്ക് സ്ഥാവരങ്ങൾ അല്ലെങ്കിൽ നിശ്ചലജീവങ്ങൾ എന്നുപറയുന്നു. ചതുർഭൂതങ്ങളാണ് അവയുടെ ശരീരങ്ങൾ. പക്ഷിമൃഗാദികൾക്കും മനുഷ്യർക്കുമെന്നപോലെതന്നെ പൃഥ്വീകായികങ്ങളും അപ്കായികങ്ങളും വായു കായികങ്ങളുമായ ജീവങ്ങൾക്കും വളർച്ച, ക്ഷയം മുതലായവയുണ്ട്. അതു കൊണ്ട് അവ ജീവനുള്ളവയായി കരുതപ്പെടുന്നു.. [7] പ്രാകൃതജനങ്ങളുടെ സർവാത്മവാദത്തിലാണ് ഈ സിദ്ധാന്തത്തിന്റെ ഉറവിടമാരായേണ്ടത് എന്ന് ജാക്കോബി അഭിപ്രായപ്പെടുന്നു.. [8] സ്ഥാവരങ്ങളെല്ലാം തന്നെ ഏകേന്ദ്രിയങ്ങളാണ്. സ്പർശനേന്ദ്രിയം മാത്രമേ അവയ്ക്കുള്ളൂ. കൂടുതൽ ഉയർന്ന നിലയിലുള്ള ജൈവരൂപങ്ങൾക്ക് ത്രസങ്ങൾ എന്നുപറയുന്നു. അവ നിശ്ചലങ്ങളല്ല, ത്രസിക്കുന്നവയാണ്. അവയ്ക്ക് ഒന്നിലധികം ഇന്ദ്രിയങ്ങളുണ്ട്. സ്പർശം, രസനം എന്നീ രണ്ട് ഇന്ദ്രിയങ്ങളുള്ളവ (ഉദാ: കൃമികൾ), സ്പർശം, രസനം, ഘ്രാണം എന്നീ മൂന്ന് ഇന്ദ്രിയങ്ങളുള്ളവ (ഉദാ: ഉറുമ്പ്), സ്പർശം, രസനം, ഘ്രാണം, ദർശനം എന്നീ നാല് ഇന്ദ്രിയങ്ങളുള്ളവ (ഉദാ: തേനീച്ച), സ്പർശം, രസനം, ഘ്രാണം, ദർശനം, ശ്രവണം എന്നിങ്ങനെ അഞ്ച് ഇന്ദ്രിയങ്ങളുള്ളവ (ഉദാ: ഇഴജന്തുക്കളും താണനിലയിലുള്ള മൃഗങ്ങളും), പഞ്ചേന്ദ്രിയങ്ങൾക്കു പുറമെ മനസ്സ് എന്ന ആറാമതൊരിന്ദ്രിയം കൂടിയുള്ള മനുഷ്യൻ—എല്ലാം ത്രസങ്ങളാണ്.

പൂർണജ്ഞാനം, പൂർണദർശനം തുടങ്ങിയ പരിപൂർണതകളാണ് ജീവന്റെ, അല്ലെങ്കിൽ ആത്മാവിന്റെ, നൈസർഗിക ഗുണങ്ങൾ, എന്നാൽ, കർമം ഈ നൈസർഗിക ഗുണങ്ങളെ മറയ്ക്കുകയും ക്ഷയിപ്പിക്കുകയും ചെയ്യുന്നു. കാമമോഹമദമാത്സര്യാദികളിൽ നിന്ന് മോചനം നേടുകയും സമ്യക്ചരിതത്തിന്റെ നിയമങ്ങളനുസരിച്ചു കൊണ്ട് ഉൽകൃഷ്ടജീവിതം നയിക്കുകയും ചെയ്യുന്നവന് കർമത്തെ തഞ്ഞുനിർത്താനും അങ്ങനെ പൂർണതയിലെത്താനും കഴിയുമെന്ന് ജൈനന്മാർ വിശ്വസിച്ചു.

---

6. Ibid.
7. Tattvartha Sutra, 2-13
8. Jacobi: Sacred Books of the East, X. V. Introduction, P. 33.

## 5 അനേകാന്തവാദം

പുദ്ഗലവും ജീവനും വ്യത്യസ്തങ്ങളായ യാഥാർഥ്യങ്ങളാണ്. എണ്ണമറ്റ ഭൗതികവസ്തുക്കളും എണ്ണമറ്റ പരമാണുക്കളും എണ്ണമറ്റ ആത്മാക്കളുമുണ്ട്. എല്ലാം യഥാർഥങ്ങളാണ്. ഓരോ പരമാണുവിനും ഓരോ ദ്രവ്യത്തിനും ഓരോ ആത്മാവിനും വ്യത്യസ്തങ്ങളായ അനവധി സവിശേഷതകളുണ്ട്. സ്പർശം, രുചി, ഗന്ധം, നിറം എന്നിങ്ങനെയുള്ള വിവിധ ഗുണങ്ങളോടു കൂടിയവയാണ് ദ്രവ്യങ്ങൾ. യഥാർഥത്തിൽ ഈ ഗുണങ്ങളെല്ലാം പരമാണുവിനുണ്ട്. ഓരോ വസ്തുവിനും അനന്തമായ സ്വഭാവവിശേഷങ്ങൾ ഉണ്ട് (അനന്തധർമകം വസ്തു; അനന്തധർമാത്മകമേവ തത്വം) എന്ന ഈ സിദ്ധാന്തത്തിന് അനേകാന്തവാദം എന്നു പറയുന്നു. വസ്തുവിന്റെ എല്ലാവശങ്ങളെപ്പറ്റിയും പൂർണമായി മനസ്സിലാക്കാൻ സാധാരണ ജനങ്ങൾക്കു സാധ്യമല്ല. അതുകൊണ്ട് വസ്തുജ്ഞാനം ആപേക്ഷികമാണ്. ഒരു ദ്രവ്യത്തെ, അല്ലെങ്കിൽ വസ്തുവിനെ, അതിന്റെ ഗുണങ്ങളിൽ നിന്ന് വേറിട്ടു നിർത്തിക്കൊണ്ടു മനസ്സിലാക്കാൻ കഴിയില്ല. ദ്രവ്യവും ഗുണവും അത്രയ്ക്ക് അവിഭാജ്യമാണ്. ഗുണമില്ലാത്ത ദ്രവ്യമില്ല; ദ്രവ്യമില്ലാതെ ഗുണവുമില്ല. ഗുണങ്ങൾക്ക് ദ്രവ്യത്തിൽ നിന്ന് വേറിട്ട് സ്വതന്ത്രമായി നിലനിൽക്കാൻ കഴിയുമെന്ന് വാദിച്ച ആത്മീയവാദികൾ ജൈനന്മാരുടെ വിമർശനങ്ങൾക്ക് വിധേയരായി. ഗുണങ്ങളോടു കൂടിയ ദ്രവ്യങ്ങൾക്ക് മനുഷ്യന്റെ മനസ്സിൽ നിന്നു സ്വതന്ത്രമായ നിലനിൽപ്പുണ്ട്. പക്ഷേ, ജീവന്റെ, അല്ലെങ്കിൽ ചേതനയുടെ, ഉപകരണങ്ങളായ ഇന്ദ്രിയങ്ങളുടെ സഹായത്തോടുകൂടി മാത്രമേ അവയെ അറിയാൻ കഴിയൂ. ഇന്ദ്രിയവും ദ്രവ്യവും തമ്മിലുള്ള സമ്പർക്കമില്ലാതെ ഇന്ദ്രിയജ്ഞാനം അസാധ്യമാണ്. മനസ്സും ദ്രവ്യവും തമ്മിലുള്ള പരസ്പരപൂരകമായ ബന്ധത്തെ ജൈനന്മാർ അംഗീകരിച്ചു.

ദ്രവ്യത്തിന് ഗുണം മാത്രമല്ല, പര്യാരം എന്ന മറ്റൊരു സ്വഭാവവിശേഷം കൂടിയുണ്ട്. 'ഗുണപര്യായവദ്ദ്രവ്യം' എന്നാണ് തത്വാർഥസൂത്രം ദ്രവ്യത്തെ നിർവചിക്കുന്നത്. സ്ഥിരവും നൈസർഗികവുമായ സ്വഭാവങ്ങൾക്കാണ് ഗുണം എന്നുപറയുന്നത്. നേരെമറിച്ച്, പര്യായമെന്നുവെച്ചാൽ യാദൃച്ഛികങ്ങളും അസ്ഥിരങ്ങളുമായ സ്വഭാവങ്ങളാണ്. ഗുണമാണ് ദ്രവ്യത്തിന്റെ സത്ത. പര്യായമാകട്ടെ, മാറ്റങ്ങൾക്കു വിധേയമാണ്. ഉദാഹരണത്തിന്, ഒരു മൺപാത്രത്തിന്റെ ദ്രവ്യമായ മണ്ണ് ഭൗതികപദാർഥമെന്ന നിലയ്ക്ക് സ്ഥായിയാണ്. പക്ഷേ, പാത്രത്തിന്റെ ആകൃതി, നിറം എന്നിവയ്ക്ക് ശാശ്വതത്വമില്ല. അവയ്ക്ക് അസ്ഥിത്വവും ക്ഷയവും നാശവുമുണ്ട്. ആത്മാവിന്റെ കാര്യവും ഇതു തന്നെയാണ്. ചേതനയാണ് ആത്മാവിന്റെ സ്ഥായിയായ സത്ത. ദുഃഖം, സുഖം, ലോഭം, മോഹം മുതലായവ യാദൃച്ഛികങ്ങളായ പര്യായങ്ങളാണ്. ഗുണം മാറുന്നില്ല; പര്യായം മാറിക്കൊണ്ടിരിക്കുന്നു. പര്യായത്തിന്റെ മാറ്റങ്ങളുടെ ഫലമായിട്ടാണ് ദ്രവ്യത്തിനു പരിണാമമുണ്ടാകുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, ദ്രവ്യത്തിനു സ്ഥിരതയുമുണ്ട്, മാറ്റവുമുണ്ട്. സ്ഥിരമായ ഗുണം നിലനിൽക്കെത്തന്നെ ദ്രവ്യം മാറുന്നു. ഗുണാത്മകമായ ദ്രവ്യത്തിന്റെ ഭാഗത്തുനിന്നു നോക്കുമ്പോൾ ഒരു വസ്തു നിത്യവും ശാശ്വതവുമാണ്. നേരെമറിച്ച്, പര്യായത്തിന്റെ ഭാഗത്തുനിന്നു നോക്കുമ്പോൾ അത് യാദൃച്ഛികവും ക്ഷണികവും തന്മൂലം അയഥാർഥവുമാണ്. ഈ നിലപാടിൽ നിന്നുകൊണ്ടാണ് ജൈനന്മാർ അദ്വിതീയമായ ഏകം, അതായത് ബ്രഹ്മം, മാറ്റമില്ലാതെ ശാശ്വതമായി നിലനിൽക്കുന്നുണ്ടെന്നു വാദിച്ച വേദാന്തികളുടെ അഭിപ്രായത്തെയും നിത്യവും മാറ്റമില്ലാത്തതുമായി യാതൊന്നുമില്ല എന്നു വാദിച്ച ബൗദ്ധന്മാരുടെ അഭിപ്രായത്തെയും ഖണ്ഡിക്കാൻ ഒരുങ്ങിയത്. നിത്യതയെ ഉയർത്തിപ്പിടിച്ച വേദാന്തത്തിനും ക്ഷണികതയെ ഊന്നിയ ബൗദ്ധദർശനത്തിനും എതിരായ ഒരു നിലപാടാണ് അവർ സ്വീകരിച്ചത്. ശാശ്വതത്വവും ക്ഷണികതയും ഒരേ വസ്തുവിൽ ഒരേ സമയത്തു നിലനിൽക്കുന്നുണ്ടെന്നാണ് അവരുടെ പക്ഷം. ദ്രവ്യത്തിന് മാറ്റമില്ലാത്ത ഒരു സത്തയുണ്ട്. അതുകൊണ്ട് അത് നിത്യമാണ്. അതേ സമയത്തുതന്നെ അതിൽ മാറ്റങ്ങൾക്കു വിധേയമായ സ്വഭാവവിശേഷങ്ങളുമുണ്ട്. അതുകൊണ്ട് അതിന് ക്ഷയവും നാശവുമുണ്ട്. ഇതിന്റെ അർഥം ഏതെങ്കിലും ഒരു വസ്തുവെപ്പറ്റിയുള്ള നമ്മുടെ ജ്ഞാനം ഒരു പ്രത്യേകപരിതഃസ്ഥിതിയിൽ ഒരു പ്രത്യേക വീക്ഷണകോണത്തിൽ നിന്നു നോക്കുമ്പോൾ ശരിയും മറ്റൊരു പരിതഃസ്ഥിതിയിൽ മറ്റൊരു വീക്ഷണകോണത്തിൽ നിന്നു നോക്കുമ്പോൾ തെറ്റും ആയിരിക്കുമെന്നാണ്. അതുകൊണ്ടാണ് വേദാന്തികളുടെ ഏകാന്തവാദവും ബൗദ്ധന്മാരുടെ ക്ഷണികവാദവും രണ്ടു ഭാഗികങ്ങളും ഏകപക്ഷീയങ്ങളുമാണെന്ന് ജൈനന്മാർ ചൂണ്ടിക്കാണിച്ചത്.

## 6 സ്യാദ്വാദം

ജ്ഞാനത്തിന്റെ ആപേക്ഷികതയെക്കുറിച്ചുള്ള ഈ ജൈനസിദ്ധാന്തത്തിന് സ്യാദ്വാദം എന്നുപറയുന്നു. ‘സ്യാദ്’ എന്ന വാക്കിന് ‘ഒരു പക്ഷേ’, ‘ഒരുവിധത്തിൽ’, ‘ഒരു വീക്ഷണകോണത്തിൽ’ എന്നൊക്കെ അർഥമുണ്ട്. എന്നാൽ സ്യാദ്വാദം സംഭാവ്യതാവാദമോ അജ്ഞേയവാദമോ അല്ല. ജ്ഞാനത്തിന്റെ അപേക്ഷികതയെയാണത് കുറിക്കുന്നത്. അപേക്ഷികമായി, അല്ലെങ്കിൽ ഒരു പ്രത്യേകവീക്ഷണഗതിയിലൂടെ നോക്കുമ്പോൾ എന്ന അർഥത്തിലാണ് സ്യാദ് എന്ന പദം ഉപയോഗിക്കപ്പെടുന്നത്. ഒരു പ്രത്യേകവീക്ഷണഗതിയിലൂടെ നോക്കുമ്പോൾ ഒരു വസ്തു നിലനിൽക്കുന്നുവെന്നും മറ്റൊരു വീക്ഷണഗതിയിലൂടെ നോക്കുമ്പോൾ അതു നിലനിൽക്കുന്നില്ലെന്നും സ്യാദ്വാദം പ്രഖ്യാപിക്കുന്നു. ഈ സിദ്ധാന്തമനുസരിച്ച്, ഏതെങ്കിലും ഒരു വസ്തുവിന്റെ അസ്തിത്വത്തെപ്പറ്റി ഭാവാത്മകമായോ നിഷേധാത്മകമായോ ഒന്നും തീർത്തുപറയാൻ കഴിയില്ല. കേവലമായ സ്ഥിരീകരണവും കേവലമായ നിഷേധവും രണ്ടും തെറ്റാണ്. ഇതിൽ വൈരുധ്യമൊന്നുമില്ല. എന്തെന്നാൽ, ഉണ്ടെന്ന് പറയുന്നതും ഇല്ലെന്നു പറയുന്നതും ഒരു വീക്ഷണകോണത്തിൽ നിന്നുകൊണ്ടല്ല. ഒരു വസ്തുവിന്റെ ഒരു പ്രത്യേകവശം ഒരു പ്രത്യേകസന്ദർഭത്തിൽ സത്യമായിരിക്കാം. മറ്റുചിലപ്പോൾ അതു തെറ്റാണെന്നുവരാം. ഇതു തെളിയിക്കാൻ വേണ്ടി ജൈനന്മാർ ‘ഒരാനയും ആറു കുരുടന്മാരും’ എന്ന കഥ പറയാറുണ്ടായിരുന്നു. ഓരോ കുരുടനും ആനയുടെ ഒരവയവം മാത്രം തപ്പിനോക്കി. കാൽ തപ്പിനോക്കിയ കുരുടൻ പറഞ്ഞു ആനയൊരു തൂണാണെന്ന്. ചെവിതൊട്ടു നോക്കിയവൻ ആനയെ മുറത്തോടടുപമിച്ചു. വാൽപിടിച്ചു നോക്കിയവൻ ആന വെറുമൊരു ചൂലാണെന്നും വയർ തപ്പിനോക്കിയവൻ അതൊരു ചുമരാണെന്നും പറഞ്ഞു. ഓരോ കുരുടനും നേടിയ ജ്ഞാനം പരിമിതമായ അർഥത്തിൽ ശരിയായിരുന്നു. പക്ഷേ, അത് പൂർണമായ ജ്ഞാനമായിരുന്നില്ല. ഒരു പ്രത്യേകസമയത്ത് ഒരു പ്രത്യേക രൂപത്തിൽ നിലനിൽക്കുന്ന വസ്തു, രൂപത്തിന്റെയോ സമയത്തിന്റെയോ വ്യത്യാസം കാരണം ഇല്ലാതായിത്തീരുന്നു. ഉദാഹരണത്തിന്, ഒരു മൺപാത്രമെടുക്കാം. പാത്രത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന മണ്ണ് ജലരൂപത്തിൽ നിലനിൽക്കുന്നില്ല. മൺകുടം മൺകലത്തിന്റെ രൂപത്തിലും നിലനിൽക്കുന്നില്ല. അത് ഒരു സ്ഥലത്തു നിലനിൽക്കുന്നു; മറ്റൊരിടത്ത് നിലനിൽക്കുന്നില്ല. പരസ്പരവിരുദ്ധങ്ങളായ ഈ രണ്ടു തരം പ്രസ്താവങ്ങളും ശരിതന്നെ. ഒരു വസ്തുവിന് അസ്തിത്വം ഉണ്ടെന്നോ ഇല്ലെന്നോ ഉറപ്പിച്ചു പറയുവാൻ സാധ്യമല്ല. എല്ലാറ്റിനും ഉണ്മയുണ്ട്, ഇല്ലായ്മയുണ്ട്. എന്തെന്നാൽ, പ്രപഞ്ചമാകെ ചലനത്തിന്റെയും മാറ്റത്തിന്റെയും പ്രവാഹത്തിൽ പെട്ടു കിടക്കുകയാണ്. ജൈനരുടെ അസ്തിനാസ്തിവാദത്തിന്റെ അടിസ്ഥാനമിതാണ്. ഈ തത്വമനുസരിച്ചാണ് അവർ മറ്റെല്ലാ ദർശനങ്ങളെയും വിലയിരുത്തിയത്. എല്ലാ ദർശനങ്ങളിലും സത്യത്തിന്റെ അംശങ്ങളുണ്ട്. പക്ഷേ, പൂർണമായ സത്യമില്ല. യാഥാർഥ്യത്തിന് അനേകം മുഖങ്ങളുണ്ട്. അവ വ്യത്യസ്തരൂപങ്ങളിൽ പ്രകടമാവുന്നു. അതുകൊണ്ട് യാതൊന്നിനെയും പൂർണമായി അംഗീകരിക്കാനോ പൂർണമായി നിഷേധിക്കാനോ പാടില്ല. എല്ലാ യാഥാർഥ്യങ്ങളെയും സ്യാദ് എന്ന വിശേഷണത്തോടുകൂടി മാത്രമേ അംഗീകരിക്കാവൂ.

സ്യാദ് വാദസിദ്ധാന്തമനുസരിച്ച് യാഥാർഥ്യം മനസ്സിലാക്കാൻ വ്യത്യസ്തരീതികളുണ്ട്. വിധി നിർണയത്തിനുള്ള ഈ വ്യത്യസ്തരീതികൾക്ക് നയങ്ങൾ എന്നുപറയുന്നു. ഭഗവതീസൂത്രം തുടങ്ങിയ പ്രാചീന ജൈനകൃതികളിൽ മൂന്നു നയങ്ങളെപ്പറ്റി മാത്രമേ പ്രതിപാദിക്കുന്നുള്ളൂ: (1) ഒരുപക്ഷേ ആത്മാവ് നിലനിൽക്കുന്നു. (2) ഒരുപക്ഷേ ആത്മാവ് നിലനിൽക്കുന്നില്ല. (3) ഒരുപക്ഷേ ആത്മാവ് അനിർവചനീയമാണ്.

ക്രമത്തിൽ നയങ്ങളുടെ എണ്ണം ഏഴായി വർധിച്ചു. സ്യാദ്വാദ സിദ്ധാന്തം അതു മുതൽക്ക് സപ്തഭംഗീനയം എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ഈ ഏഴു നയങ്ങൾ താഴെപ്പറയുന്നവയാണ്:

(1) സ്യാദസ്തി: ഒരുപക്ഷേ ഉണ്ട്
(2) സ്യാദ് നാസ്തി: ഒരുപക്ഷേ ഇല്ല
(3) സ്യാദസ്തി നാസ്തി: ഒരുപക്ഷേ ഉണ്ടെന്നുമാവാം, ഇല്ലെന്നുമാവാം
(4) സ്യാദവക്തവ്യം: ഒരുപക്ഷേ പറയാനാവാത്തത്
(5) സ്യാദസ്തി അവക്തവ്യം: ഒരുപക്ഷേ ഉള്ളതും പറയാനാവാത്തതും.
(6) സ്യാദ് നാസ്തി അവക്തവ്യം: ഒരുപക്ഷേ ഇല്ലാത്തതും പറയാനാവാത്തതും
(7) സ്യാദസ്തി നാസ്തി അവക്തവ്യം: ഒരുപക്ഷേ ഉള്ളതും ഇല്ലാത്തതും പറയാനാവാത്തതും.

ഇതു കൂടുതൽ വ്യക്തമാക്കാൻ വേണ്ടി ഒരു മൺകുടം പരിശോധിക്കാം. കുടത്തിന്റെ സത്തയെക്കുറിച്ചു ചോദിച്ചാൽ ഏഴു തരത്തിലുള്ള മറുപടികൾ ലഭിക്കും:

കുടം ഉണ്ടോ?

(1) ഒരുവശത്ത് നിന്ന് നോക്കുമ്പോൾ ഉണ്ട്.
(2) മറ്റൊരു വശത്തുനിന്നു നോക്കുമ്പോൾ ഇല്ല. (ഇവിടെ ഉണ്ട്, അവിടെയില്ല. കുടത്തിന്റെ രൂപത്തിൽ ഉണ്ട്, കലത്തിന്റെ രൂപത്തിൽ ഇല്ല),
(3) കുടം ഉണ്ട് എന്നും പറയാം, ഇല്ലെന്നും പറയാം.
(4) ഉണ്ടെന്നോ ഇല്ലെന്നോ പറയാൻ വയ്യ.
(5) കുടം ഇല്ല; ഇല്ലെന്നും പറയാം, അതേസമയത്തു തന്നെ ഉണ്ടോ ഇല്ലയോ എന്ന് ഉറപ്പിച്ചു പറയാൻ വയ്യതാനും.

മധ്യകാലത്തെ ജൈനന്മാർ സപ്തഭംഗീനയം കൊണ്ടു മാത്രം തൃപ്തരായില്ല. യാഥാർഥ്യത്തിന്റെ വിവിധ വശങ്ങളെ വെളിപ്പെടുത്താൻ കൂടുതൽ നയങ്ങളാവശ്യമാണെന്ന് അവർ കരുതാൻ തുടങ്ങി. എന്നാൽ വ്യത്യസ്തങ്ങളായ ഈ നയങ്ങളെല്ലാം സംഗ്രഹിച്ച് എല്ലാറ്റിനെയും സമഗ്രവും പൂർണവുമായ ഒരു യാഥാർഥ്യത്തിന്റെ ഭാഗങ്ങൾ മാത്രമായി കാണാൻ അവർ കൂട്ടാക്കിയില്ല. പൂർണത എന്നൊന്നംഗീകരിച്ചാൽ വേദാന്തികളുടെ ബ്രഹ്മത്തെയും അംഗീകരിക്കേണ്ടിവരും എന്ന് അവർ ഭയപ്പെട്ടിട്ടുണ്ടാവാം. ഏകത്വം, നിത്യത, ആത്മാവ്, ബ്രഹ്മം—എല്ലാറ്റിനെയും സപ്തഭംഗീനയമുപയോഗിച്ചുകൊണ്ടാണ് അവർ പരിശോധിച്ചത്.

പരസ്പരവൈരുധ്യങ്ങൾ നിറഞ്ഞ ഒരു സിദ്ധാന്തമാണ് സ്യാദ്വാദം എന്ന് ബൗദ്ധന്മാരും വേദാന്തികളും അഭിപ്രായപ്പെട്ടു. ഒരേ വസ്തുവിന് ഭാവവും അഭാവവും ഉണ്ടാകുന്നതെങ്ങനെയെന്ന് അവർ ചോദിച്ചു. സത്തിനെയും അസത്തിനെയും ഭാവത്തെയും അഭാവത്തെയും ഏകത്വത്തെയും നിത്യതയെയുമെല്ലാം കൂട്ടിക്കുഴയ്ക്കാനുള്ള ശ്രമം പരിഹാസ്യമാണെന്നവർ ചൂണ്ടിക്കാണിച്ചു. “നാണമില്ലാത്ത ഈ ജൈനന്മാർ ഭ്രാന്തന്മാരെപ്പോലെ പരസ്പരവിരുദ്ധങ്ങളായ പ്രസ്താവനകൾ ചെയ്യുന്നു.” എന്നാണ് ധർമകീർത്തി പറഞ്ഞത്.. [9] “ചൂടും തണുപ്പും ഒന്നാവില്ല; അതുപോലെ ഒരേവസ്തുവിൽ ഒരേ അവസരത്തിൽ ഉണ്മ, ഇല്ലായ്മ എന്നീ വിരുദ്ധധർമങ്ങൾ കുടികൊള്ളുകയില്ല” എന്ന് ശങ്കരാചാര്യർ ഉറപ്പിച്ചു പറഞ്ഞു.. [10] അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ “ക്ലിപ്തപ്പെടാത്ത ജ്ഞാനം, സംശയാത്മകമായ ജ്ഞാനംപോലെ, പ്രാമാണികമല്ലാതായിത്തീരുന്നു”.. [11]

പക്ഷേ, ഒരേ വസ്തുവിൽ ഒരേ സമയത്ത് ഒരേ അർഥത്തിൽ പരസ്പരവിരുദ്ധങ്ങളായ ധർമങ്ങൾ കുടികൊള്ളുന്നുണ്ട് എന്നല്ല, ഒരു വീക്ഷണഗതിയിലൂടെ നോക്കിയാൽ ഒരു സ്ഥലത്ത് ഒരു സമയത്ത് ഒരു രൂപത്തിൽ യഥാർഥമായി കാണപ്പെടുന്നത് മറ്റൊരു വീക്ഷണഗതിയിലൂടെ മറ്റൊരു സമയത്തും മറ്റൊരു സ്ഥലത്തും മറ്റൊരു രൂപത്തിലും നോക്കിയാൽ അയഥാർഥമായിരിക്കും എന്നാണ് ജൈനന്മാർ പറഞ്ഞത്. ഇതിലെവിടെയാണ് വൈരുദ്ധ്യം എന്ന് അവർ ചോദിച്ചു.. [12] വസ്തു അനേകാത്മകമാണെന്ന ക്ലിപ്തമായ അറിവുണ്ടാകുമ്പോൾ അത് സംശയാത്മകമായ ജ്ഞാനംപോലെ അപ്രമാണികമായ ജ്ഞാനമാവുകയില്ല, എന്ന ജൈനന്മാരുടെ അഭിപ്രായം ശങ്കരൻ തന്നെ ഉദ്ധരിക്കുന്നുണ്ട്. പക്ഷേ, ഈ വാദവും തെറ്റാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹം എഴുതുന്നു: “എല്ലാ വസ്തുക്കളിലും നിലനിൽക്കുന്നത് നിരങ്കുശമായ അനേകാന്തതയാണ് എന്നു തീരുമാനിച്ചാൽ ആ തീരുമാനത്തെപ്പറ്റിയും പക്ഷേ അങ്ങനെയാണ്, ‘പക്ഷേ അങ്ങനെയല്ല’ എന്നും മറ്റുമുള്ള വികല്പങ്ങൾ പ്രസക്തമായിത്തീരും. അങ്ങനെ അതൊരു തീരുമാനമല്ലാതായിത്തീരും... അതിനാൽ തിട്ടപ്പെടാത്ത അർഥങ്ങളുൾക്കൊള്ളുന്ന ശാസ്ത്രം രചിക്കുന്നവന്റെ വാക്കുകൾ, ഭ്രാന്തന്മാരുടെ വാക്കുകൾപോലെ, അസ്വീകാര്യങ്ങളായിത്തീരുന്നു.” [13]

ഒരു ചോദ്യം തീർച്ചയായും പ്രസക്തമാണ്: എല്ലാ സത്യങ്ങളും ആപേക്ഷികങ്ങളാണെങ്കിൽ, എല്ലാ ജ്ഞാനവും ഭാഗികമായി മാത്രമേ സത്യമാകുന്നുള്ളൂ എങ്കിൽ, ജൈനന്മാരുടെ സ്യാദ്വാദം മാത്രം പൂർണസത്യമാകുന്നതെങ്ങനെയാണ്? എല്ലാ ജ്ഞാനങ്ങളും ഭാഗികങ്ങളാണെങ്കിൽ ജൈനദർശനവും ഭാഗികമാണെന്നു സമ്മതിക്കേണ്ടിവരില്ലേ?

പക്ഷേ, ഇതു സമ്മതിക്കാൻ ജൈനന്മാർ തയ്യാറില്ല. എന്തെന്നാൽ, അവരുടെ അഭിപ്രായത്തിൽ പൂർണമായ സത്യം കണ്ടെത്തുകയും കേവലജ്ഞാനം നേടിയെടുക്കുകയും ചെയ്തവരാണ് തീർഥങ്കരന്മാർ. എന്നല്ല, അഹിംസ, സത്യം, അസ്തേയം, അപരിഗ്രഹം, ബ്രഹ്മചര്യം എന്നീ പഞ്ചമഹാവ്രതങ്ങളനുഷ്ഠിക്കുകയും മറ്റു ജൈനധർമവിധികളെല്ലാം പാലിക്കുകയും ചെയ്തുകൊണ്ട് തീർഥങ്കരന്മാരെ പൂജിക്കുകയും അവരുടെ ഉപദേശങ്ങളനുസരിച്ച് ജീവിക്കുകയും ചെയ്താൽ കേവലജ്ഞാനം നേടാൻ കഴിയുമെന്ന് അവർ വിശ്വസിക്കുകയും ചെയ്യുന്നു.

മഹാവീരന്റെ മരണത്തിനുശേഷം ജൈനദർശനത്തിന് വളരെയധികം മാറ്റങ്ങൾ സംഭവിച്ചു. ഒരുവശത്ത് യുക്തിയുടെയും അനേകാന്തവാദം, സ്യാദ് വാദം തുടങ്ങിയ സിദ്ധാന്തങ്ങളുടെയും സഹായത്തോടുകൂടി പുതിയ ദാർശനിക മേഖലകളിലേക്ക് അതു വികസിച്ചു. അതോടൊപ്പം തന്നെ അതിലടങ്ങിയ ആത്മീയവാദപരമായ അംശങ്ങൾ കൂടുതൽ ശക്തമാവുകയും ചെയ്തു. ബൗദ്ധദർശനത്തിനെന്നപോലെ തന്നെ ജൈനദർശനത്തിനും കാലക്രമത്തിൽ പലതരത്തിലുള്ള വ്യാഖ്യാനങ്ങളും ഒട്ടനവധി ഉൾപ്പിരിവുകളുമുണ്ടായി. പുതിയ സാഹചര്യങ്ങളെ നേരിടാനാവാതെ ജൈനമതം ക്രമത്തിൽ ക്ഷയിക്കാൻ തുടങ്ങി.

പക്ഷേ, ജൈനദർശനത്തിന് എന്തൊക്കെത്തന്നെ ദൗർബല്യങ്ങളുണ്ടെങ്കിലും സത്യത്തിന്റെ ആപേക്ഷികതയെയും ജ്ഞാനത്തിന്റെ ഭാഗികതയെയും ഊന്നിക്കാണിക്കുകയും എല്ലാറ്റിനെയും വിവിധ വശങ്ങളിൽ നിന്നുകൊണ്ട് പരിശോധിക്കണമെന്ന് ഉൽബോധിപ്പിക്കുകയും ചെയ്ത ജൈനദർശനം ഭാരതീയചിന്തയ്ക്ക് ഒരു മുതൽക്കൂട്ടാണെന്നുള്ള കാര്യത്തിൽ സംശയമില്ല.

---

9. Tatwa Samgraha 311, 327.
10. ശങ്കരൻ: ബ്രഹ്മസൂത്രഭാഷ്യം 2,2,33.
11. അനിർദ്ധാരിതരൂപം ജ്ഞാനം സംശയജ്ഞാനവദ പ്രമാണമേവ സ്യാത്, ശങ്കരൻ, ബ്രഹ്മ സൂത്രം, ഭാഷ്യം 2,2,33.
12. സ്വരൂപദ്രവ്യ ക്ഷേത്രകാല ഭാവൈഃ സത്വം പരരൂപദ്രവ്യക്ഷേത്രകാല ഭർഗവസ്ത്വ സത്വം, തദാ ക്വ വിരോധാവകാശഃ.
13. ശങ്കരൻ ബ്രഹ്മസൂത്രഭാഷ്യം.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014